## കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ, എറണാകുളം ജില്ല

**പ്രവചന കാലയളവ് 01.03.2025 മുതൽ 05.03.2025 വരെ**

**വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ**
**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും**
**ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്**

| എ എ എസ് ബുള്ളറ്റിൻ നമ്പർ 09/2025 (17) വെള്ളിയാഴ്ച | തീയ്യതി 28/02/2025 |
|---|---|

**2. അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം :**

| കാലാവസ്ഥാ ഘടകങ്ങൾ | 01.03.2025 | 02.03.2025 | 03.03.2025 | 04.03.2025 | 05.03.2025 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ) | 0.1 | 0.1 | 0.2 | 0.1 | 0 |
| ഉയർന്ന താപനില (°C) | 33 | 33 | 33 | 33 | 33 |
| കുറഞ്ഞ താപനില (°C) | 25 | 25 | 25 | 25 | 25 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 72 | 72 | 72 | 72 | 72 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 55 | 55 | 55 | 55 | 55 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 8 | 6 | 8 | 8 | 8 |
| കാറ്റിന്റെ ദിശ (ഡിഗ്രി ) | 270 | 250 | 270 | 250 | 250 |
| മേഘ വ്യാപ്തി (ഒക്ടാ ) | 6 | 7 | 7 | 6 | 4 |

കാലാവസ്ഥാ അറിയിപ്പ്:- എറണാകുളം ജില്ലയിൽ ഫെബ്രുവരി 28 നം 2025 മാർച്ച് 1 തീയതികളിൽ പരമാവധി താപനില ഏകദേശം 37 ഡിഗ്രി സെൽഷ്യസുവരെ ഉയരാൻ സാധ്യതയുണ്ട്. (സാധാരണയേക്കാൾ 2 മുതൽ 4 ഡിഗ്രി സെൽഷ്യസ് വരെ)

IMD യുടെ പ്രവചനപ്രകാരം ജില്ലയിൽ ഒറ്റപ്പെട്ട സ്ഥലങ്ങളിൽ വളരെ നേരിയ തോതിൽ മഴയ്ക്ക് സാധ്യത. നെല്ല്, റബ്ബർ, കൊപ്രാ, മുതലായ കാർഷികോല്പന്നങ്ങൾ നനയാതെ സൂക്ഷിക്കുക. കേരളത്തിൽ ശരാശരിക്കും, ശരാശരിയേക്കാൾ കൂടുതലും മഴ ലഭിക്കാൻ സാധ്യത.

**3. വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും**

**പൊതുനിർദേശങ്ങൾ:-** കാർഷികവിളകളിൽ രോഗകീടങ്ങളുടെ ആക്രമണം നിയന്ത്രിക്കുന്നതിനായി മുൻകരുതലുകൾ സ്വീകരിക്കേണ്ടതാണ്. കാറ്റിന്റെ വേഗത കൂടിവരുന്നതിനാലും, ബാഷ്പീകരണം കൂടുകയും, വരണ്ട അന്തരീക്ഷസ്ഥിതി തുടരുന്നതിനാലും ആവശ്യഘട്ടങ്ങളിൽ വിളകൾക്ക് നന കൊടുക്കേണ്ടതാണ്. വാഴക്ക് താങ്ങുകാലുകൾ നൽകുക, പച്ചക്കറി പന്തലുകൾ ബലപ്പെടുത്തുക. മണ്ണിന്റെ ഈർപ്പം സംരക്ഷിക്കാൻ ശരിയായ പുതയിടൽ രീതി അവലംബിക്കുക.

| വിളകൾ | രോഗ-കീടങ്ങൾ, വിള പരിപാലനം | കാർഷിക കാലാവസ്ഥ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് (മുണ്ടകൻ) | പരിപാലനം | മുണ്ടകൻറ്റെ വിത്ത് ഈർപ്പം തട്ടാത്ത സാഹചര്യങ്ങളിൽ ശരിയായി ഉണക്കി സൂക്ഷിക്കണം. മുണ്ടകൻ കൊയ്ത്ത് കഴിഞ്ഞു തരിശ്ശിടുന്ന പാടങ്ങളിൽ വേനൽക്കാല ഉഴവ് നടത്താനുള്ള സമയമാണ്. |
| തെങ്ങ്, കവുങ്ങ് | ജലസേചനം | വരണ്ട അന്തരീക്ഷസ്ഥിതി തുടരുന്നതിനാൽ ജലസേചനം നൽകുക. തെങ്ങൊന്നിന് 40 മുതൽ 50 ലിറ്റർ വരെയും കവുങ്ങിന് 25 ലിറ്റർ എന്ന തോതിലും ജലസേചനം നൽകുക. മണ്ണിൽ ഈർപ്പം നിലനിർത്തുന്നതിനായി ചകിരി പോലുള്ള ജൈവവസ്തുക്കൾ കൊണ്ട് പുതയിടാവുന്നതാണ് ശക്തമായ ചൂടിൽ നിന്നും സംരക്ഷണത്തിനായി കുമ്മായം തടിയുടെ താഴെ ഭാഗത്ത് പൂശാവുന്നതാണ്. |
| മുളക് | മണ്ഡരി | ചൂട് കൂടിയ അന്തരീക്ഷസ്ഥിതി തുടരുന്നതിനാൽ മണ്ഡരിയുടെ ആക്രമണം കൂടാനുള്ള സാധ്യത ഉണ്ട്. വേപ്പധിഷ്ഠിത കീടനാശിനികൾ 3-6 മി.ലി. ഒരു ലിറ്റർ വെള്ളത്തിനെന്ന തോതിൽ പത്ത് ദിവസത്തിലിരിക്കൽ തളിക്കുക. ആക്രമണം രൂക്ഷമായാൽ നിയന്ത്രണത്തിനായി സ്പൈറോമെസിഫെൻ 8 മി.ലി. പത്ത് ലിറ്റർ വെള്ളത്തിനെന്ന തോതിൽ തളിക്കുക. |

മൃഗസംരക്ഷണം:- തൊഴുത്തിലും മേച്ചിൽ സ്ഥലങ്ങളിലും കുടിക്കാൻ ശുദ്ധജല ലഭ്യത ഉറപ്പു വരുത്തുക. കന്നുകാലികൾക്ക് അപകടകാരികളായ സൂര്യ വികിരണങ്ങൾ ഏൽക്കാതിരിക്കാൻ കാലത്തു 9 മണിക്ക് മുൻപോ വൈകിട്ട് 4 മണിക്ക് ശേഷമോ മാത്രം മേയാൻ അനുവദിക്കുക .അതിൽ തന്നെ വൈകിട്ട് മേയാൻ വിടുന്നതാണ് കൂടുതൽ നല്ലത്. (CAADECCS KVASU, Mannuthy)